(ബി) സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലെയും നെൽകൃഷി മേഖല കേന്ദ്രീകരിച്ച് 166667 ഹെക്ടറി ലാണ് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന നെൽകൃഷി വികസന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് ആനുപാതി കമായിട്ടാണ് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ഘടകത്തിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നത്. നടപ്പുസാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ അനുവദിച്ച തുകയുടെ 86% ഗ്രൂപ്പ് ഫാമിഗ് പദ്ധതിക്കാണ് വകയിരുത്തി യിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം 1,43,000 ഹെക്ടറിൽ നടപ്പിലാക്കിയ ഈ പദ്ധതി ഘടകം നടപ്പുസാമ്പത്തിക വർഷം 166667 ഹെക്ടറിൽ നടപ്പിലാക്കിവരുന്നു.

(സി) നെൽകൃഷി ചെയ്യാത്ത സീസണുകളിൽ മറ്റു വിളകളായ പയർ, പച്ചക്കറി, എള്ള്, പച്ചിലവളച്ചെടി തുടങ്ങിയ വിളകൾ നെൽപ്പാടങ്ങളിൽ കൃഷി ചെയ്യുന്നതിനും മത്സ്യകൃഷി അവലംബിക്കുന്നതിനും മറ്റുമായി ഹെക്ട റിന് 2500 രൂപ ആനുകൂല്യമായി നൽകുന്നു. 50% സബ്സിഡി നിരക്കിൽ വിത്ത്, മറ്റ് ഉല്പാദന ഉപാധികൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനാണ് ആനുകൂല്യം നൽകിവരുന്നത്.

പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് നൂറു തൊഴിൽ ദിനങ്ങൾ

14 (*434) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ബി. രാഘവൻ :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് വർഷ ത്തിൽ നൂറുദിവസമെങ്കിലും തൊഴിലുറപ്പാക്കുന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ വർഷം ഏതെല്ലാം മേഖലകളിലാണ് പദ്ധതി നടപ്പാക്കു ന്നത് ;

(ഡി) ഇതിനായി സർക്കാർ പ്രത്യേകം സഹായം നൽകുമോ ;

(ഇ) കശുവണ്ടി മേഖലയിൽ കഴിഞ്ഞ വർഷം എത്ര തൊഴിൽ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ; ഈ വർഷത്തെ ലക്ഷ്യം എത്ര ദിവസമാണ് ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) :

(എ&ബി) ധനകാര്യ വകുപ്പുമന്ത്രിയുടെ 2010-11-ലെ ബഡ്ജറ്റ് പ്രസംഗ ത്തിൽ തൊഴിലാളികൾക്ക് മിനിമം വരുമാനം ലഭ്യമാക്കുന്നതിന് സഹായി ക്കുന്ന തരത്തിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ പദ്ധതി തയ്യാറാക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഇതല്ലാതെ പരമ്പരാഗത വ്യവസായ മേഖലയിൽ മറ്റ് തൊഴിലുറപ്പ് പദ്ധതികൾ ഒന്നുമില്ല.

(സി) കയർ, കൈത്തറി, ഈറ്റ, ഹാന്റിക്രാഫ്റ്റ് എന്നീ മേഖലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 50 കോടി രൂപ മാറ്റിവയ്ക്കും എന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

(ഇ) കശുവണ്ടി മേഖലയിലെ സഹകരണ സ്ഥാപനമായ കാപ്പക്സിൽ 2009 വർഷത്തിൽ 214-ഉം 2010-ൽ 14-7-2010 വരെ 148 ദിവസവും തൊഴിൽ നൽകാൻ കഴിഞ്ഞു. കശുവണ്ടി വികസന കോർപ്പറേഷനിൽ 2009-2010 വർഷം 284 ദിവസം ജോലി നൽകിയിട്ടുള്ളതാണ്. ഈ വർഷം കാപ്പക്സ് 270 തൊഴിൽ ദിനങ്ങളെങ്കിലും നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഊർജ്ജ ഓഡിറ്റ് ഏർപ്പെടുത്തുന്നതിന് നടപടി

15 (*435) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഓരോ സ്ഥാപനങ്ങളും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(ഡി) ഇത്തരം സംവിധാനം ഏർപ്പെടുത്താതിരിക്കുന്നതും ലക്ഷ്യം കൈവരിക്കാതിരിക്കുന്നതുമായ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്നും പിഴ ഈടാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളത് ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഇല്ല. 2002-ൽ ഊർജ്ജ സംരക്ഷണ നിയമം നടപ്പിൽ വന്നതോടുകൂടി നിയമ വ്യവസ്ഥകൾക്കനുസരിച്ച് വ്യവസായ-വാണിജ്യ

LIBRARY ARCHIVES Kerala Legislative Assembly